ഓരോ വർഷവും കേരളത്തിന് ആവശ്യമായ വൈദ്യുതി

96 (2674) ശ്രീ. കെ. സി. ജോസഫ് :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത 5 വർഷത്തിൽ ഓരോ വർഷവും കേരളത്തിനാവശ്യമായ വൈദ്യുതി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ഈ അഞ്ച് വർഷത്തിനിടയിൽ പൂർത്തിയാക്കാൻ ഓരോ വർഷവും മൊത്തം ഉല്പാദിപ്പിക്കാവുന്ന വൈദ്യുതി എത്രയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ഓരോ വർഷവും മൊത്തം സ്ഥാപിതശേഷി എത്രയാകും ;

(ഡി) ഇതിൽ താപവൈദ്യുതിയും ജലവൈദ്യുതിയും എത്ര വീതം യൂണിറ്റുണ്ടാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

വർഷം	ആവശ്യമായ വൈദ്യുതി
2000-2001	13784 (മി. യൂണിറ്റ്)
2001-2002	15239 (മി. യൂണിറ്റ്)
2002-2003	16392 (മി. യൂണിറ്റ്)
2003-2004	17766 (മി. യൂണിറ്റ്)
2004-2005	19199 (മി. യൂണിറ്റ്)

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രസ്തുത നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതിയും, കേന്ദ്ര വിഹിതമായി ലഭിക്കാവുന്ന വൈദ്യുതിയും ഇപ്പോൾ സ്ഥാപിതമായിട്ടുള്ള നിലയങ്ങളിൽ നിന്നുമുള്ള വൈദ്യുതിയും കൂടി ചേർത്ത് ഓരോ വർഷവും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന വൈദ്യുതി താഴെ പറയും പ്രകാരമാണ്.

വർഷം	ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വൈദ്യുതി
2000-2001	14,155 ദശലക്ഷം യൂണിറ്റ്
2001-2002	15,239.2 ദശലക്ഷം യൂണിറ്റ്
2002-2003	16,986 ദശലക്ഷം യൂണിറ്റ്
2003-2004	18,590 ദശലക്ഷം യൂണിറ്റ്
2004-2005	20,027 ദശലക്ഷം യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ വർഷത്തേയും സ്ഥാപിതശേഷി താഴെപ്പറയും വിധം ആയിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വർഷം	സ്താപിതശേഷി
2000-2001	2625.63 മെഗാ വാട്ട്
2001-2002	2864.86 മെഗാ വാട്ട്
2002-2003	3073.88 മെഗാ വാട്ട്
2003-2004	3386.88 മെഗാ വാട്ട്
2004-2005	3436.88 മെഗാ വാട്ട്

(ഡി) ഇതിൽ താപവൈദ്യുതിയും ജലവൈദ്യുതിയും താഴെ പറയുന്ന ശേഷിയിൽ ലഭ്യമാകുമെന്നാണ് കരുതുന്നത്.

വർഷം	താപവൈദ്യുതി	ജലവൈദ്യുതി	കാറ്റിൽ നിന്നുമുള്ള വൈദ്യുതി
2000-2001	866.6 മെഗാ വാട്ട്	1757 മെ.വാ.	2.03 മെ.വാ.
2001-2002	1016.6 മെഗാ വാട്ട്	1846.25 മെ.വാ.	2.03 മെ.വാ.
2002-2003	1166.6 മെഗാ വാട്ട്	1905.25 മെ.വാ.	2.03 മെ.വാ.
2003-2004	1379.6 മെഗാ വാട്ട്	2005.25 മെ.വാ.	2.03 മെ.വാ.
2004-2005	1379.6 മെഗാ വാട്ട്	2055.25 മെ.വാ.	2.03 മെ.വാ.

വൈദ്യുതി ബോർഡിൽ പഞ്ചിംഗ് സമ്പ്രദായം

97 (2675) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ എന്നു മുതൽ, ഏതൊക്കെ ആഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വൈദ്യുതി ബോർഡിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ

98 (2676) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly